

26-08-2022

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr. Saritha Vijayan K.**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/08/2022.

1. **01.08.2022 മുതൽ 10.08.2022** വരെയുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായത്തിനും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ കീഴിലുള്ള ധനസഹായം ലഭിക്കുന്നതിനും AIMS പോർട്ടലിൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **സെപ്റ്റംബർ 06** വരെ നീട്ടിയതായി കൃഷിവകുപ്പ് ഡയറക്ടർ അറിയിച്ചു.

2. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 1 മുതൽ 6 വരെ **കരപ്പുറം ഓണവിസ്മയം 2022** കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് വിപണന സ്റ്റാളുകൾ, ജൈവ പച്ചക്കറികൾ, ഓണപ്പൂക്കൾ, കലാ-കായിക മത്സരങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

3. കമുകിൻകോട് മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ കന്നുകാലികൾക്കുള്ള വന്ധ്യതാ നിവാരണ ക്യാമ്പ് ഇന്ന് (ആഗസ്റ്റ് 26) രാവിലെ 10 മണി മുതൽ 11 മണി വരെ ശാസ്താംതലയിലും 11.30 മുതൽ 12.30 വരെ അരങ്ങലിലും ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെ കമുകിൻകോട് മൃഗാശുപത്രിയിലും വച്ച് നടത്തുന്നു. മൂന്നിൽ കൂടുതൽ കൃത്രിമ ബീജ സങ്കലനം നടത്തിയിട്ടുള്ള ഗർഭം ധരിക്കാത്ത കന്നുകാലികളെയും ഒന്നര വയസ്സ് കഴിഞ്ഞിട്ടും മദിലക്ഷണം കാണിക്കാത്ത കിടാരികളെയും വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കി വന്ധ്യതാ ചികിത്സയ്ക്കുള്ള മരുന്നുകളും, ധാതുലവണ മിശ്രിതങ്ങളും സൗജന്യമായി വിതരണം ചെയ്യുന്നതാണെന്നും കമുകിൻകോട് വെറ്ററിനറി സർജൻ അറിയിക്കുന്നു.

4. തിരുവനന്തപുരം കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് പത്ത് രൂപ നിരക്കിൽ യഥേഷ്ടം വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**5.** കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള പച്ചക്കറിയിനങ്ങളുടെ വിത്ത് മണ്ണുത്തിയിലുള്ള ATIC സെയിൽസ് കൗണ്ടറിൽ വിൽപനയ്ക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487 2370540, 04872 371340** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

6. ആഫ്രിക്കൻ സ്വൈൻ ഫീവർ പടർന്നു പിടിച്ച സാഹചര്യത്തിൽ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ പന്നികളെയും അവയുടെ ഉത്പ്പന്നങ്ങളെയും കൊണ്ടുപോകുന്നത് 14**/08/2022 മുതൽ** 30 **ദിവസത്തേക്ക്** ദീർഘിപ്പിച്ചതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

7. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽ വച്ച് ഈ മാസം 29,30,31 (ആഗസ്റ്റ് 29, 30,31) തീയതികളിലായി **കാണം വിൽക്കാതോണമുണ്ണാം – നാടൻ വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനവും** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലഫീസ് 1000 രൂപയാണ്. താൽപ്പര്യമുള്ളവർ പേരും ഫോൺ നമ്പരും **953911517** എന്ന ഫോൺ നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ, tssvellayani@kau.in എന്ന ഇ-മെയിലിലേക്ക് അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ് കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കിമിന്റെ ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117, 9495118208** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 1, 2 തീയതികളിൽ തീറ്റപ്പുൽകൃഷിയിൽ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. പരിശീലനാർത്ഥികൾക്ക് അർഹമായ ടി.എ., ഡി.എ. ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ ഈ മാസം 31-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**മൃഗസംരക്ഷണം സമ്മിശ്രകൃഷിയിൽ**" എന്ന വിഷയത്തിൽ ആഗസ്റ്റ് 30-ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ഒരു ദിവസത്തെ സംരംഭക സൗജന്യ പരിശീലന പരിപാടി നടത്തുന്നു. **കന്നുകാലികളുടെ പരിചരണം, മഴക്കാല രോഗങ്ങൾ, കോഴി വളർത്തൽ, കാട വളർത്തൽ, അസോള, തീറ്റപ്പുല്ല്** എന്നിവയുടെ കൃഷി രീതികൾ എന്നീ വിഷയങ്ങളിൽ കാർഷിക സർവ്വകലാശാലയിലെയും വെറ്ററിനറി സർവ്വകലാശാലയിലെയും വിദഗ്ദ്ധർ ക്ലാസ്സ് നയിക്കുന്നു. താൽപര്യമുള്ള കർഷകർ **9400483754** എന്ന ഫോൺ നമ്പറിലോ anisdas@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. **പാലക്കാട് ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- നെൽപ്പാടങ്ങളിൽ നെൽച്ചെടിയെ ബാധിക്കുന്ന **പോളരോഗം** കണ്ടുവരുന്നുണ്ട്. പാടങ്ങളിൽ നെൽച്ചെടിയുടെ കടഭാഗത്തു നിന്ന് തുടങ്ങുന്ന പൊള്ളിയ പോലുള്ള പാടുകളാണ് ഈ രോഗത്തിന്റെ ലക്ഷണം. ഓലയുടെ പോളയുടെ മുകളിൽ കാണുന്ന ഈ പാടുകൾ രോഗം അധികരിക്കുമ്പോൾ ഇലകളിലേക്കു വ്യാപിക്കുകയും ഇലകൾ കരിഞ്ഞു പോകുകയും ചെയ്യുന്നു. ഈരോഗം ബാധിക്കാതിരിക്കാനുള്ള മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചയ്ക്ക് ശേഷം ജൈവവളവുമായി കലർത്തി പാടത്തു ഇട്ടുകൊടുക്കും. കൂടാതെ പറിച്ചു നട്ടു ഒരു മാസത്തിനു ശേഷം ഇത് 10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്.

- ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ **ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം** ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിംഗ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക.